# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2120 — 11.06.2018-ൽ മറുപടിയ്ക്ക്

### പൊതുചടങ്ങുകളിൽ കേരള ഗാനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.യു. ആർ. പ്രദീപ് :** | **പിണറായി വിജയൻ**<br>**ബഹു. മുഖ്യമന്ത്രി** |
| (എ) പല പൊതു ചടങ്ങുകളിലും മതപരമായ പ്രാർത്ഥന ഗീതങ്ങൾ ആലപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതൊഴിവാക്കുന്നതിന് മതേതരത്വ വീക്ഷണഗതിയിൽ ഊന്നിയതും കേരള തനിമയും സാംസ്കാരികമൂല്യവും ഉൾക്കൊണ്ടുള്ള ഗാനം ചിട്ടപ്പെടുത്തിയെടുത്ത് പൊതു ചടങ്ങുകളിൽ ആലപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; | (ബി) പൊതു ചടങ്ങുകളിൽ എല്ലാവർക്കും ചൊല്ലാവുന്ന ഒരു ഗാനം ചിട്ടപ്പെടുത്തിയെടുക്കുന്നതിന് ഉദ്ദേശ്യമുണ്ട്. |
| (സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (സി) സംസ്ഥാന മന്ത്രിസഭയുടെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് കേരളത്തിലെ പ്രമുഖ കലാ-സാംസ്കാരിക പ്രവർത്തകരുമായി, 2018 മെയ് 26-ന് തൃശ്ശൂർ കേരള സാഹിത്യ അക്കാദമി അങ്കണത്തിൽ വെച്ച് ബഹു. കേരള മുഖ്യമന്ത്രി ആശയ വിനിമയം നടത്തിയിരുന്നു. കേരളത്തിന് അതിന്റെ ഭാഷ തനിമയേയും മതേതരത്വ സ്വഭാവത്തേയും എല്ലാം ആവിഷ്കരിക്കുന്ന രീതിയിലുള്ള ഒന്നോ രണ്ടോ മിനുട്ടിൽ ഒതുക്കി നിർത്താവുന്ന ഒരു പ്രാർത്ഥനാഗാനം ഉണ്ടായാൽ നന്നായിരിക്കുമെന്നും അതു സംബന്ധിച്ച നടപടികൾ കേരള സാഹിത്യ അക്കാദമി ഏറ്റെടുക്കുന്നതു നന്നായിരിക്കുമെന്നും അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ നല്ല പ്രാർത്ഥനാ ഗാനങ്ങൾ എഴുതി നൽകാനോ നിർദ്ദേശിക്കാനോ ആവശ്യപ്പെട്ടുകൊണ്ട് സാംസ്കാരിക പ്രവർത്തകർക്കുള്ള അറിയിപ്പ് നൽകിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള കവിതകളിൽ നിന്ന് ഉചിതമായ ഭാഗങ്ങൾ തെരഞ്ഞെടുക്കാനുള്ള ശ്രമവും നടത്തിവരുന്നു. |

Sdhu

**സെക്ഷൻ ഓഫീസർ**